"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന തുറമുഖ വകുപ്പ്- അഴിക്കൽ തുറമുഖത്ത് കപ്പലുകൾക്ക് ആവശ്യമായ ശുദ്ധജല വിതരണം ലഭ്യമാക്കുന്നതിനായി പ്രത്യേക പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവർത്തിയ്ക്ക് ഫണ്ട് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.442/2025/F&P തീയതി,തിരുവനന്തപുരം, 21-06-2025

---

പരാമർശം:- 1. സ.ഉ(സാധാ) 169/2024/മതുവ തീയതി 16/3/2024

2. കേരള മാരിടൈംബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 06-06-2025 ലെ HOKMB/8/2025-AI (Fin) നമ്പർ കത്ത്

**ഉത്തരവ്**

അഴിക്കൽ തുറമുഖത്ത് കപ്പലുകൾക്ക് ആവശ്യമായ ശുദ്ധജല വിതരണം ലഭ്യമാക്കുന്നതിനായി പ്രത്യേക പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവർത്തി നിർവഹിക്കാൻ ആവശ്യമായ 1.7 കോടി രൂപയുടെ ഭരണാനുമതി 5051-02-200-83-Development of Azhikkal Port എന്ന ശീർഷകത്തിൽ പരാമർശം (1) പ്രകാരം അനുവദിയ്ക്കുകയുണ്ടായി. നിലവിൽ വാട്ടർ അതോറിറ്റിയുടെ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ള 10,00,000/- രൂപ കഴിച്ച് ബാക്കിയുള്ള 1.6 കോടി രൂപ 5051-02-200- 83-Development of Azhikkal Port എന്ന ശീർഷകത്തിൽ ബഡ്ജറ്റി വിഹിതം അനുവദിച്ചിട്ടില്ലാത്തതിനാൽ 5051-02-200-86-തുറമുഖ വികസനം എന്ന ശീർഷകത്തിൽ അനുവദിയ്ക്കണമെന്ന് കേരള മാരിടൈംബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം (2) പ്രകാരം അഭ്യർത്ഥിയ്ക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിയ്ക്കുകയുണ്ടായി. അഴിക്കൽ തുറമുഖത്ത് കപ്പലുകൾക്ക് ആവശ്യമായ ശുദ്ധജല വിതരണം ലഭ്യമാക്കുന്നതിനായി പ്രത്യേക പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവർത്തി നിർവഹിക്കാൻ ആവശ്യമായ 1.6 കോടി രൂപ 5051-02-200-86 -തുറമുഖ വികസനം എന്ന ശീർഷകത്തിൽ കോഴിക്കോട് തുറമുഖ ഓഫീസർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിന്ദു വി കെ
അണ്ടർ സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ,കേരളമാരിടൈംബോർഡ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ),കേരള, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ,ഐ& പി ആർഡി (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Anitha R S

Date: 23-06-2025 12:23:54

സെക്ഷൻ ഓഫീസർ